| 11-09-2024 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

# മധുരമായ കുട്ടികളേ - നിങ്ങൾ ബാബയുടെ അടുത്ത് വന്നിരിക്കുന്നത് തന്റെ സ്വഭാവം ശ്രേഷ്ഠമാക്കുന്നതിനാണ്, നിങ്ങൾക്കിപ്പോൾ ദൈവീക സ്വഭാവം ഉണ്ടാക്കണം

**ചോദ്യം:-** കണ്ണുകൾ അടച്ചിരിക്കുരുത് എന്ന് നിങ്ങൾ കുട്ടികളോട് പറയാനുള്ള കാരണമെന്താണ്?
**ഉത്തരം:-** എന്തുകൊണ്ടെന്നാൽ ദൃഷ്ടിയിലൂടെ സായൂജ്യമടയിക്കുന്ന ബാബ നിങ്ങളുടെ മുന്നിലുണ്ട്. അഥവാ കണ്ണുകൾ അടച്ചിരിക്കുകയാണെങ്കിൽ എങ്ങനെ സായൂജ്യമടയും. സ്കൂളിൽ കണ്ണുകൾ അടച്ചല്ല ഇരിക്കുക. കണ്ണുകൾ അടച്ചാൽ ഉറക്കം വരും. നിങ്ങൾ കുട്ടികൾ സ്കൂളിൽ പഠിപ്പ് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സമ്പാദ്യത്തിന്റെ ഉറവിടമാണ്. ലക്ഷങ്ങളുടെയും, കോടികളുടെയും സമ്പാദ്യമുണ്ടായിക്കൊണ്ടിരിക്കുകയാണ്. സമ്പാദ്യത്തിൽ ഒരിക്കലും അലസ്യമോ ഉദാസീനതയോ വരികയില്ല.

**ഓം ശാന്തി**. മധുര-മധുരമായ ആത്മീയ കുട്ടികളെ പ്രതി ബാബ മനസ്സിലാക്കിത്തരുന്നു. ഇത് കുട്ടികൾക്ക് അറിയാം ആത്മീയ അച്ഛൻ പരംധാമത്തിൽ നിന്നും വന്ന് നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്? ആത്മാവിന്റെ യോഗം ബാബയുമായി വെക്കാൻ പഠിപ്പിക്കുകയാണ്, ഇതിനെയാണ് ഓർമ്മയുടെ യാത്രയെന്നു പറയുന്നത്. ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് - മധുരമായ ആത്മീയ കുട്ടികളേ ബാബയെ ഓർമ്മിച്ച്-ഓർമ്മിച്ച് നിങ്ങൾ പവിത്രമായി തന്റെ പവിത്രമായ ശാന്തിധാമത്തിലേക്ക് എത്തിച്ചേരുന്നു. എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. സ്വയം ആത്മാവെന്നു മനസ്സിലാക്കൂ, തന്റെ പ്രിയതമനായ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കൂ എന്നാൽ നിങ്ങളുടെ ജന്മ-ജന്മാന്തരത്തിലെ പാപങ്ങൾ ഭസ്മമായിത്തീരുന്നു. ഇതിനെയാണ് യോഗാഗ്നിയെന്നു പറയുന്നത്. ബാബ തന്നെ ഓരോ 5000 വർഷങ്ങൾക്കു ശേഷവും വന്ന് പഠിപ്പിക്കുന്ന ഭാരതത്തിലെ പ്രാചീന രാജയോഗം ഇതാണ്. പരിധിയില്ലാത്ത ബാബ തന്നെയാണ് ഭാരതത്തിൽ, ഈ സാധാരണ ശരീരത്തിലേക്ക് വന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. ഈ ഓർമ്മയിലൂടെ മാത്രമാണ് നിങ്ങളുടെ ജന്മ-ജന്മാന്തരത്തിലെ പാപങ്ങൾ നശിക്കുന്നത് കാരണം ബാബ പതിതപാവനനും സർവ്വശക്തനുമാണ്. നിങ്ങൾ ആത്മാക്കളുടെ ബാറ്ററി ഇപ്പോൾ തമോപ്രധാനമായിരിക്കുകയാണ്. ബാറ്ററി ആദ്യം സതോപ്രധാനമായിരുന്നു, ഇനി നിങ്ങൾക്ക് സതോപ്രധാന ലോകത്തേക്ക് പോകാനായി അഥവാ ശാന്തിധാമമാകുന്ന വീട്ടിലേക്ക് പോകാനായി ഇപ്പോൾ വീണ്ടും എങ്ങനെ സതോപ്രധാനമായി മാറാൻ സാധിക്കും. കുട്ടികൾക്ക് ഇത് നല്ല രീതിയിൽ ഓർമ്മയിൽ വെക്കണം. ബാബ കുട്ടികൾക്ക് ഈ ഒരേയൊരു ഡോസാണ് നൽകുന്നത്. നിങ്ങൾക്ക് എഴുന്നേൽക്കുമ്പോഴും-ഇരിക്കുമ്പോഴും, നടക്കുമ്പോഴും-കറങ്ങുമ്പോഴും ഈ ഓർമ്മയുടെ യാത്ര ചെയ്യാൻ സാധിക്കും. എത്ര കഴിയുന്നുവോ ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും കമലപുഷ്പത്തിനു സമാനം പവിത്രമായി ജീവിക്കണം. ബാബയെ ഓർമ്മിക്കുകയും വേണം അതിനോടൊപ്പം ദൈവീകഗുണത്തെ ധാരണ ചെയ്യുകയും വേണം, കാരണം ലോകത്തിലുള്ളവരുടേത് ആസുരീയമായ സംസ്കാരമാണ്. നിങ്ങൾ കുട്ടികൾ ഇവിടേക്ക് വന്നിരിക്കുന്നത് ദൈവീക സംസ്കാരത്തെ ധാരണ ചെയ്യാനാണ്. ഈ ലക്ഷ്മി-നാരായണന്റെ സംസ്കാരം വളരെയധികം മധുരമാണ്. ഭക്തിമാർഗ്ഗത്തിൽ അവരുടെ തന്നെയാണ് മഹിമ പാടപ്പെട്ടിട്ടുള്ളത്. എപ്പോൾ മുതൽക്ക് ഭക്തിമാർഗ്ഗം ആരംഭിക്കുന്നു എന്നുള്ളത് ആർക്കും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് ഇതെല്ലാം തന്നെ മനസ്സിലായി, എപ്പോഴാണ് രാവണരാജ്യം ആരംഭിക്കുന്നത് എന്നുള്ളതും മനസ്സിലായി. നിങ്ങൾ കുട്ടികൾക്ക് ഈ മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ വെക്കണം. കാരണം അറിയാം നമ്മൾ ജ്ഞാനസാഗരനായ ആത്മീയ അച്ഛന്റെ കുട്ടികളാണ്, ഇപ്പോൾ ആത്മീയ അച്ഛനാണ് നമ്മെ പഠിപ്പിക്കുന്നത്. ഇതും നിങ്ങൾക്കറിയാം ഒരു സാധാരണ പിതാവല്ല. നമ്മെ പഠിപ്പിക്കാനായി വന്നിരിക്കുന്നത് ആത്മീയ പിതാവാണ്. ബാബയുടെ നിവാസസ്ഥാനം സദാ ബ്രഹ്മലോകമാണ്. എല്ലാവരുടെയും ലൗകിക അച്ഛൻ ഇവിടെത്തന്നെയാണ്. ഇത് കുട്ടികൾക്ക് നല്ല രീതിയിൽ നിശ്ചയമുണ്ടായിരിക്കണം - നമ്മൾ ആത്മാക്കളെ പഠിപ്പിക്കുന്നത് പരമപിതാവായ പരമാത്മാവ് പരിധിയില്ലാത്ത പിതാവാണ്. ഭക്തിമാർഗ്ഗത്തിൽ ലൗകിക പിതാവ് ഉണ്ടായിട്ടും പരമപിതാവായ പരമാത്മാവിനെ വിളിക്കാറുണ്ട്. ബാബയുടെ യഥാർത്ഥമായ പേരാണ് ശിവൻ. ബാബ സ്വയം മനസ്സിലാക്കിത്തരുന്നു - മധുരമധുരമായ കുട്ടികളേ എനിക്ക് ശിവൻ എന്ന ഒരേയൊരു പേര് മാത്രമാണുള്ളത്. അനേക പേരിൽ അനേക ക്ഷേത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ പോലും അതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. എന്റെ യഥാർത്ഥമായ പേര് ശിവനെന്നാണ്. നിങ്ങൾ കുട്ടികളെയും ആത്മാക്കൾ എന്നു തന്നെയാണ് പറയുക. സാളിഗ്രാമമെന്നും പറയാം. അനേകാനേക സാളിഗ്രാമുകളുണ്ട്.

പക്ഷേ ശിവൻ ഒന്നു മാത്രമാണ്. ബാബ പരിധിയില്ലാത്ത അച്ഛനാണ്, ബാക്കിയെല്ലാവരും ബാബയുടെ കുട്ടികളാണ്. ഇതിനു മുമ്പായി നിങ്ങൾ പരിധിയുള്ള പിതാവിന്റെ പക്കലുള്ള പരിധിയുള്ള കുട്ടികളായിരുന്നു. അപ്പോൾ ജ്ഞാനം ഒന്നും തന്നെയുണ്ടായിരുന്നില്ല. ബാക്കി അനേക പ്രകാരത്തിലുള്ള ഭക്തി ചെയ്തിരുന്നു. അരക്കല്പം ഭക്തി ചെയ്തു. ദ്വാപരയുഗം മുതൽ ഭക്തി ചെയ്തു വന്നു. രാവണരാജ്യവും ആരംഭിച്ചു. ഇതെല്ലാം തന്നെ വളരെയധികം സഹജമായ കാര്യങ്ങളാണ്. പക്ഷേ ഇത്രയ്ക്കും സഹജമായ കാര്യങ്ങളും ചിലപ്പോൾ ബുദ്ധിമുട്ടിയാണ് മനസ്സിലാക്കുന്നത്. എപ്പോൾ മുതൽക്ക് രാവണരാജ്യം ആരംഭിക്കുന്നു എന്നുള്ളത് ആർക്കും തന്നെ അറിയുന്നില്ല. നിങ്ങൾ മധുരമായ കുട്ടികൾക്ക് അറിയാം – ബാബ തന്നെയാണ് ജ്ഞാനസാഗരൻ. എന്ത് ജ്ഞാനമാണോ ബാബയിലുള്ളത് അത് വന്ന് കുട്ടികൾക്ക് നൽകുന്നു. ശാസ്ത്രങ്ങൾ ഭക്തിമാർഗ്ഗത്തിലേതാണ്.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു – ജ്ഞാനം ഭക്തി പിന്നീടാണ് വൈരാഗ്യം. ഈ മൂന്നും മുഖ്യമാണ്. സന്യാസിമാർക്കും അറിയാം – ജ്ഞാനവും, ഭക്തിയും, വൈരാഗ്യവുമെന്ന്. പക്ഷേ സന്യാസിമാരുടേത് പരിധിയ്ക്കുള്ളിലുള്ള സന്യാസമാണ്. അവർക്ക് ഈ പരിധിയില്ലാത്ത സന്യാസം പഠിക്കാൻ സാധിക്കില്ല. രണ്ടു പ്രകാരത്തിലുള്ള വൈരാഗ്യമുണ്ട് – ഒന്ന് പരിധിയുള്ളത്, രണ്ട് പരിധിയില്ലാത്തത്. അത് ഹഠയോഗി സന്യാസിമാരുടെ വൈരാഗ്യമാണ്. ഇത് പരിധിയില്ലാത്ത വൈരാഗ്യമാണ്. നിങ്ങളുടേത് രാജയോഗമാണ്, മറ്റുള്ളവർ വീടും കുടുംബവും ഉപേക്ഷിച്ച് കാട്ടിലേക്ക് പോകുന്നു അതുകൊണ്ടാണ് അവരുടെ പേര് സന്യാസി എന്നായത്. ഹഠയോഗികൾ വീടും കുടുംബവും ഉപേക്ഷിക്കുന്നത് പവിത്രമായിരിക്കുന്നതിനാണ്. ഇതും നല്ലതു തന്നെയാണ്. ബാബ പറയുന്നു – ഭാരതം വളരെയധികം പവിത്രമായിരുന്നു. ഇത്രയും പവിത്രമായ ഖണ്ഡം മറ്റൊന്നുമുണ്ടായിരുന്നില്ല. ഭാരതത്തിന്റെ മഹിമ തന്നെ വളരെ ഉയർന്നതാണ്. ഇതേക്കുറിച്ച് സ്വയം ഭാരതവാസികൾ തന്നെ അറിയുന്നില്ല. ബാബയെ മറന്നതു കാരണം സർവ്വതും മറന്നു പോയി. അതായത് നാസ്തികരും നിർധനരുമായിത്തീർന്നു. സത്യയുഗത്തിൽ എത്ര സുഖവും ശാന്തിയുമായിരുന്നു. ഇപ്പോൾ എത്ര ദുഃഖവും അശാന്തിയുമാണ്. മൂലവതനത്തെയാണ് ശാന്തിധാമം എന്ന് പറയുന്നത്, അവിടെയാണ് ആത്മാക്കൾ വസിക്കുന്നത്. ആത്മാക്കൾ തന്റെ വീട്ടിൽ നിന്നും ഇവിടേക്ക് വരുന്നത് പരിധിയില്ലാത്ത പാർട്ട് അഭിനയിക്കുന്നതിനായാണ്. ഇപ്പോൾ പുരുഷോത്തമ സംഗമയുഗമാണ്. ഈ സമയത്താണ് പുതിയലോകത്തേക്ക് കൊണ്ടുപോകുന്നതിനായി ബാബ വരുന്നത്. ബാബ വന്ന് ഉത്തമനിലും ഉത്തമനാക്കി മാറ്റുന്നു. ഭഗവാനെ ഉയർന്നതിലും ഉയർന്നതെന്ന് പറയുന്നു. പക്ഷേ ഭഗവാൻ ആരാണ്, എന്താണ് എന്നത് ആർക്കും തന്നെ അറിയില്ല. ഒരു വലിയ ശിവലിംഗത്തെ ഉണ്ടാക്കി വെച്ച്, നിരാകാരനായ പരമാത്മാവെന്നാണ് മനസ്സിലാക്കുന്നത്. നമ്മൾ ആത്മാക്കളുടെ പിതാവാണെന്നു പോലും മനസ്സിലാക്കുന്നില്ല, കേവലം പൂജിക്കുന്നു. എപ്പോഴും ശിവബാബ എന്നാണ് പറയുന്നത്, രുദ്ര ബാബ അഥവാ ബബുൾനാഥനായ ബാബ എന്നോ പറയില്ല. നിങ്ങൾ എഴുതാറുള്ളതും ശിവബാബയെ ഓർമ്മയുണ്ടോ എന്നാണ്. സമ്പത്തിനെ ഓർമ്മയുണ്ടോ? ഈ സ്ലോഗനുകൾ ഓരോ വീട്ടിലും ഉണ്ടായിരിക്കണം – ശിവബാബയെ ഓർമ്മിക്കുകയാണെങ്കിൽ പാപം നശിക്കുന്നു, കാരണം പതിതപാവനൻ ഒരേയൊരു ബാബയാണ്. ഈ പതിതലോകത്തിൽ ഒരാളെപ്പോലും പാവനം എന്ന് പറയാൻ സാധിക്കില്ല. പാവന ലോകത്ത് ഒര് പതിതൻ പോലും ഉണ്ടാവുക സാധ്യമല്ല. ശാസ്ത്രങ്ങളിലാണെങ്കിൽ എല്ലാ സമയങ്ങളിലും പതിതരുണ്ടെന്നാണ് എഴുതപ്പെട്ടിട്ടുള്ളത്. ത്രേതായുഗത്തിൽ പറയുന്നു രാവണനുണ്ടായിരുന്നു, സീതയെ മോഷ്ടിച്ചുകൊണ്ടുപോയി എന്ന്. കൃഷ്ണനോടൊപ്പം ജരാസന്ധനെയും, കംസനെയും ഹിരണ്യാക്ഷനെയും കാണിച്ചിട്ടുണ്ട്. കൃഷ്ണനു മേൽ കളങ്കമുണ്ടാക്കി വെച്ചു. പക്ഷേ സത്യയുഗത്തിൽ ഇതൊന്നും തന്നെ ഉണ്ടായിരിക്കില്ല. എത്ര അസത്യമായ കളങ്കമാണ് ഉണ്ടാക്കി വെച്ചത്. ബാബയിലും ദേവതകളിലും കളങ്കമുണ്ടാക്കി. എല്ലാവരെയും ആക്ഷേപിച്ചു. ഇപ്പോൾ ബാബ പറയുന്നു ആത്മാവിനെ പവിത്രമാക്കുന്നതിനായാണ് ഈ ഓർമ്മയുടെ യാത്ര. പാവനമായി പിന്നീട് പാവനലോകത്തേക്ക് പോകണം. ബാബ 84 ജന്മത്തിന്റെ ചക്രവും മനസ്സിലാക്കിത്തന്നു. ഇപ്പോൾ നിങ്ങളുടേത് അന്തിമജന്മമാണ് ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. വീട്ടിലേക്ക് പോകുമ്പോൾ ശരീരമുണ്ടാകില്ലല്ലോ. എല്ലാ ആത്മാക്കൾക്കും പോകണം അതുകൊണ്ട് മധുരമധുരമായ ആത്മീയ സന്താനങ്ങളേ, സ്വയത്തെ ആത്മാവെന്നു മനസ്സിലാക്കൂ, ദേഹമാണെന്നു മനസ്സിലാക്കരുത്. മറ്റുള്ള സത്സംഗങ്ങളിൽ നിങ്ങൾ ദേഹാഭിമാനിയായിരിക്കുന്നു. ഇവിടെ ബാബ പറയുന്നു ദേഹിഅഭിമാനിയായിരിക്കൂ. ഏതുപോലെയാണോ ബാബയിലുള്ള സംസ്കാരം, ബാബ ജ്ഞാന സാഗരനാണ്.... അതുപോലെ കുട്ടികൾക്കും ബാബയ്ക്ക് സമാനമായിത്തീരണം. പരിധിയില്ലാത്ത അച്ഛനും പരിധിയുള്ള അച്ഛനും തമ്മിലുള്ള വ്യത്യാസത്തെ മനസ്സിലാക്കിത്തരികയാണ്. പരിധിയില്ലാത്ത അച്ഛനിരുന്ന് നിങ്ങൾക്ക് മുഴുവൻ ജ്ഞാനവും മനസ്സിലാക്കിത്തരുന്നു. ആദ്യം ഇതൊന്നും തന്നെ നിങ്ങൾക്ക് അറിയുമായിരുന്നില്ല. ഇപ്പോൾ സൃഷ്ടിചക്രം എങ്ങനെ കറങ്ങുന്നു എന്നതിനെക്കുറിച്ചും, ആദി-മധ്യ-അന്ത്യത്തെക്കുറിച്ചും, ചക്രത്തിന്റെ

ആയുസ്സിനെക്കുറിച്ചുമുളള എല്ലാ ജ്ഞാനവും ബാബ മനസ്സിലാക്കിത്തരുന്നു. ഭക്തിമാർഗ്ഗത്തിൽ കല്പത്തിന്റെ ആയുസ്സിനെ ലക്ഷക്കണക്കിനു വർഷങ്ങളാണെന്നു പറഞ്ഞ് ഘോരാന്ധകാരത്തിൽ അകപ്പെടുത്തി. ഇതിലൂടെ താഴേക്ക് അധപതിച്ചുവന്നു. ഇങ്ങനെ പറയാറുണ്ട് എത്രത്തോളം നമ്മൾ ഭക്തി ചെയ്യുന്നുവോ അത്രത്തോളം ബാബയെ നമ്മൾ താഴേക്ക് വരാൻ ആകർഷിക്കുകയാണ്. ബാബ വന്ന് നമ്മെ പാവനമാക്കി മാറ്റുന്നു. ബാബയെ താഴേക്ക് ആകർഷിക്കുകയാണ് കാരണം പതിതരാണ്, അതി ദുഃഖിയായിത്തീർന്നിരിക്കുകയാണ്. ബാബയെ താഴേക്ക് വിളിക്കുന്നു എന്നാണ് പറയുന്നത്. കുട്ടികൾ തീർത്തും ദുഃഖികളും തമോപ്രധാനവുമായിക്കഴിഞ്ഞു, 5000 വർഷങ്ങൾ പൂർത്തിയായി എന്നു കാണുമ്പോൾ ബാബയും താഴേക്ക് ഇറങ്ങി വരുന്നു. ഈ പഠിപ്പ് പഴയലോകത്തേക്കു വേണ്ടിയുള്ളതല്ല. ഈ പഠിപ്പിനെ നിങ്ങൾ ആത്മാക്കൾ ധാരണ ചെയ്ത് കൂടെക്കൊണ്ടു പോകുന്നു. എങ്ങനെയാണോ ബാബ ജ്ഞാനസാഗരൻ അതുപോലെ നിങ്ങൾ ജ്ഞാന നദികളാണ്. ഈ ജ്ഞാനം ഈ ലോകത്തേക്കു വേണ്ടിയുള്ളതല്ല. ഇത് മോശമായ ലോകമാണ്, മോശമായ ശരീരമാണ്, അതിനെ നിങ്ങൾ ഉപേക്ഷിക്കണം. ഈ ശരീരം ഇവിടെ ഒരിക്കലും പവിത്രമാവുകയില്ല. ഞാൻ ആത്മാക്കളുടെ അച്ഛനാണ്. ആത്മാക്കളെ പവിത്രമാക്കാനാണ് വന്നിരിക്കുന്നത്. ഈ കാര്യങ്ങളെക്കുറിച്ച് മനുഷ്യർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. തീർത്തും കല്ലുബുദ്ധികളാണ്, പതിതരാണ്, അതുകൊണ്ടാണ് ഇങ്ങനെയൊരു മഹിമ പാടുന്നത് പതിത-പാവനാ... ആത്മാക്കളാണ് പതിതമായിത്തീരുന്നത്. ആത്മാക്കളാണ് സർവ്വതും ചെയ്യുന്നത്. ഭക്തിയും ആത്മാവാണ് ചെയ്യുന്നത്. ശരീരമെടുക്കുന്നതും ആത്മാവാണ്.

ഇപ്പോൾ ബാബ പറയുന്നു ഞാൻ നിങ്ങൾ ആത്മാക്കളെ കൊണ്ടുപോകാൻ വേണ്ടിയാണ് വന്നിരിക്കുന്നത്. നിങ്ങൾ ആത്മാക്കൾ വിളിച്ചിട്ടാണ്, പരിധിയില്ലാത്ത പിതാവായ ഞാൻ വന്നിരിക്കുന്നത്. നിങ്ങൾ എത്ര എന്നെ വിളിച്ചുകൊണ്ടിരുന്നു. ഇപ്പോഴും വിളിച്ചുകൊണ്ടിരിക്കുന്നുണ്ട് - അല്ലയോ പതിത പാവനാ, അല്ലയോ ഗോഡ്ഫാദർ വരൂ, വന്ന് ഈ പഴയ ലോകത്തിന്റെ ദുഖത്തിൽ നിന്നും, വികാരത്തിൽ നിന്നും മുക്തമാക്കൂ, എന്നാൽ ഞങ്ങൾക്കെല്ലാവർക്കും വീട്ടിലേക്കു പോകാം. മറ്റാർക്കും തന്നെ ഇത് അറിയില്ല - നമ്മുടെ വീട് എവിടെയാണ്? വീട്ടിലേക്ക് എങ്ങനെ പോകണം? മുക്തിയിലേക്കു പോകുന്നതിനായി ഓരോരുത്തരും എത്രയാണ് ബുദ്ധിമുട്ടുന്നത്, എത്രയെത്ര ഗുരുക്കന്മാരുടെ സമീപത്തേക്കാണ് പോകുന്നത്. ജന്മ-ജന്മാന്തരം ഇതിനു വേണ്ടി ധാരാളം പരിശ്രമിച്ചു വന്നു. മറ്റുള്ള ഗുരുക്കന്മാർക്ക് ജീവന്മുക്തിയുടെ സുഖത്തെക്കുറിച്ച് അറിയില്ല. അവർ ആഗ്രഹിക്കുന്നത് മുക്തിയാണ്. വിശ്വത്തിൽ എങ്ങനെ ശാന്തിയുണ്ടാകും എന്നാണ് ചോദിക്കുന്നത്. സന്യാസിമാർക്കും മുക്തിയെക്കുറിച്ചാണ് അറിയുക. ജീവന്മുക്തിയെക്കുറിച്ച് അറിയില്ല. പക്ഷേ മുക്തി-ജീവന്മുക്തി രണ്ട് സമ്പത്തും നൽകുന്നത് ബാബയാണ്. നിങ്ങൾ കുട്ടികൾ എപ്പോഴാണോ ജീവന്മുക്തിയിലിരിക്കുന്നത് അപ്പോൾ മറ്റെല്ലാവരും മുക്തയിലേക്കു പോകുന്നു. ഇപ്പോൾ നിങ്ങൾ ഇങ്ങനെയായിത്തീരുന്നതിനുള്ള ജ്ഞാനം നേടിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ തന്നെയാണ് ഏറ്റവും കൂടുതൽ സുഖം അനുഭവിക്കുന്നത്, ഏറ്റവും കൂടുതൽ ദുഖം അനുഭവിക്കുന്നതും നിങ്ങൾ തന്നെയാണ്. ആദിസനാതനാ ദേവിദേവതാ ധർമ്മത്തിലുളള നിങ്ങൾ തന്നെയാണ് ധർമ്മഭ്രഷ്ടരും കർമ്മഭ്രഷ്ടരുമായിരിക്കുന്നത്. നിങ്ങൾ പവിത്രമായ പ്രവൃത്തി മാർഗ്ഗത്തിലുളളവരായിരുന്നു. ലക്ഷ്മി-നാരായണന്മാർ പവിത്ര പ്രവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. വീടും കുടുംബവും ഉപേക്ഷിക്കുക എന്നുള്ളത് സന്യാസിമാരുടെ ധർമ്മമാണ്. സന്യാസിമാരും ആദ്യം നല്ലതായിരുന്നു. നിങ്ങളും ആദ്യം വളരെ നല്ലതായിരുന്നു. ഇപ്പോൾ തമോപ്രധാനമായിരിക്കുകയാണ്. ബാബ പറയുന്നു ഡ്രാമയുടെ കളി ഇങ്ങനെയാണ്. ബാബ മനസ്സിലാക്കിത്തരുന്നു - ഈ പഠിപ്പ് തന്നെ പുതിയ ലോകത്തേക്കുള്ളതാണ്. പതിത ശരീരത്തിൽ, ഈ പതിത ലോകത്തിൽ ഡ്രാമയനുസരിച്ച് വീണ്ടും 5000 വർഷങ്ങൾക്കു ശേഷം വരേണ്ടി വരുന്നു. കല്പത്തിന് ലക്ഷക്കണക്കിന് വർഷങ്ങളൊന്നുമില്ല, ഞാൻ സർവ്വവ്യാപിയുമല്ല. ഇത് നിങ്ങൾ എന്നെ അധിക്ഷേപിച്ചതാണ്. ഞാൻ പിന്നീട് നിങ്ങൾക്ക് എത്ര ഉപകാരമാണ് ചെയ്യുന്നത്. എത്രത്തോളം നിങ്ങൾ ശിവബാബയെ അധിക്ഷേപിച്ചിട്ടുണ്ടോ അത്രയും മറ്റാരെയും തന്നെ നിങ്ങൾ അധിക്ഷേപിച്ചിട്ടില്ല. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന ബാബയെ തന്നെ നിങ്ങൾ സർവ്വവ്യാപിയെന്നു പറഞ്ഞു. എപ്പോഴാണോ അധിക്ഷേപിക്കുന്നതിലും അതിരുണ്ടാകുന്നത് അപ്പോഴാണ് ഞാൻ വന്ന് ഉപകാരം ചെയ്യുന്നത്. ഇത് പുരുഷോത്തമ സംഗമയുഗമാണ്, മംഗളകാരിയുഗമാണ്. ഈ സമയത്താണ് നിങ്ങളെ പവിത്രമാക്കി മാറ്റാനായി വരുന്നത്. പാവനമാകുന്നതിനായുള്ള എത്ര സഹജമായ യുക്തിയാണ് പറഞ്ഞു തരുന്നത്. നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ ധാരാളം ബുദ്ധിമുട്ടി, കുളത്തിൽ പോയി സ്നാനം ചെയ്തു, ഇതിലൂടെയെല്ലാം പാവനമാകും എന്നു മനസ്സിലാക്കി. ഇപ്പോൾ വെള്ളത്തിലൂടെ പാവനമാകുന്ന കാര്യവും, പതിതപാവനനായ ബാബയും തമ്മിൽ എത്ര വ്യത്യാസമാണുള്ളത്. അതെല്ലാം തന്നെ ഭക്തിമാർഗ്ഗമാണ്, ഇത് ജ്ഞാനമാർഗ്ഗവും. മനുഷ്യർ എത്ര ഘോരമായ അന്ധകാരത്തിലാണ്. കുംഭകർണ്ണ നിദ്രയിലാണ് ഉറങ്ങി കിടക്കുന്നത്. ഈ കാര്യം നിങ്ങൾക്കറിയാം. ഇങ്ങനെ പറയാറുണ്ട്-

വിനാശകാലെ വിപരീത ബുദ്ധി വിനശയന്തി. ഇപ്പോൾ നിങ്ങൾക്കും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് പ്രീതബുദ്ധി. പൂർണ്ണമായും ആയിട്ടില്ല കാരണം മായ ഇടയ്ക്കിടെ മറപ്പിക്കുന്നു. ഇത് പഞ്ച വികാരങ്ങളുമായുള്ള യുദ്ധമാണ്. രാവണനെയാണ് പഞ്ച വികാരങ്ങൾ എന്നു പറയുന്നത്. രാവണനു മേൽ കഴുതയുടെ തല കാണിച്ചിട്ടുണ്ട്.

ബാബ ഇതും മനസ്സിലാക്കി തന്നിട്ടുണ്ട് - സ്കൂളിലിരിക്കുമ്പോൾ ഒരിക്കലും കണ്ണുകൾ അടച്ചിരിക്കരുത്. ഭക്തിമാർഗ്ഗത്തിലാണ് ഇതുപോലെ ഭഗവാനെ ഓർമ്മിക്കുന്നതിനായി കണ്ണുകൾ അടച്ചിരിക്കുന്നതിനായുള്ള പഠിപ്പ് നൽകുന്നത്. ഇവിടെ ബാബ പറയുന്നു, ഇതൊരു സ്കൂളാണ്. ഇങ്ങനെ പറയാറുമുണ്ട്, ദൃഷ്ടിയിലൂടെ സായൂജ്യം... ഇവിടെ മായാജാലമാണെന്നു പറയും. അങ്ങനെയൊരു മഹിമയുണ്ടാകാനുള്ള കാരണം, ദേവതകളുടെ ദൃഷ്ടിയിലൂടെയും സായൂജ്യമടയുന്നതുകൊണ്ടാണ്. ദൃഷ്ടിയിലൂടെ തന്നെ മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുക എന്നത് മായാജാലമല്ലേ. ബാബ ബാറ്ററി ചാർജ്ജ് ചെയ്തുകൊണ്ടിരിക്കുമ്പോൾ കുട്ടികൾ കണ്ണുകൾ അടച്ചിരിക്കുന്നതു ശരിയാണോ. സ്കൂളിൽ ഒരിക്കലും കണ്ണുകൾ അടച്ചിരിക്കുകയില്ല. കണ്ണുകൾ അടച്ചിരുന്നാൽ ഉറക്കം വരും. പഠിപ്പ് സമ്പാദ്യത്തിന്റെ ഉറവിടമാണ്. ലക്ഷക്കണക്കിന് കോടിക്കണക്കിന് സമ്പാദ്യമാണ്. സമ്പാദിക്കുമ്പോൾ ഒരിക്കലും കോട്ടുവായ് വരില്ല. ഇവിടെ ആത്മാക്കളെ ഉദ്ധരിക്കണം. ഈ ലക്ഷ്യമാണുള്ളത്. ദേവതകളുടെ രാജധാനി കാണണമെങ്കിൽ ദിൽവാഡയിലേക്ക് പോകൂ. അത് ജഡമായ ക്ഷേത്രമാണ്, ഇത് ചൈതന്യ ദിൽവാഡാ ക്ഷേത്രവും. ദേവതകളുമുണ്ട്, സ്വർഗ്ഗവുമുണ്ട്. എല്ലാവരുടെയും സദ്ഗതി ദാതാവ് അബുവിലാണ് വരുന്നത് അതുകൊണ്ടാണ് അബുവിനെ ഏറ്റവും വലിയ തീർത്ഥസ്ഥാനമെന്നു പറയുന്നത്. ഏതെല്ലാം തന്നെ ധർമ്മസ്ഥാപകരും ഗുരുക്കന്മാരുമുണ്ടോ, എല്ലാവരുടെയും സദ്ഗതി ചെയ്യുന്നത് ബാബ ഇവിടെ വന്നിട്ടാണ്. ഇത് ഏറ്റവും വലിയ തീർത്ഥസ്ഥലമാണ്, പക്ഷേ വളരെ ഗുപ്തവുമാണ്. ഇതേക്കുറിച്ച് ആരും തന്നെ അറിയുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഏതൊരു സംസ്കാരമാണോ ബാബയിലുള്ളത് അതു തന്നെ ധാരണ ചെയ്യണം. ബാബയ്ക്കു സമാനം ജ്ഞാനസാഗരനായിത്തീരണം. ദേഹി-അഭിമാനിയാകുന്നതിനുള്ള അഭ്യാസം ചെയ്യണം.

2) ആത്മാവാകുന്ന ബാറ്ററിയെ സതോപ്രധാനമാക്കി മാറ്റുന്നതിനായി നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ഓർമ്മയുടെ യാത്രയിലിരിക്കണം. ദൈവീക സംസ്കാരത്തെ ധാരണ ചെയ്യണം. വളരെയധികം മധുരമായിത്തീരണം.

## വരദാനം - ത്രികാലദർശിയായി ദിവ്യ ബുദ്ധിയുടെ വരദാനത്തെ കാര്യത്തിൽ കൊണ്ട് വരുന്ന സഫലതാ സമ്പന്നരായി ഭവിക്കട്ടെ.

ബാപ്ദാദ ഓരോ കുട്ടിക്കും ദിവ്യ ബുദ്ധിയാകുന്ന വരദാനം നൽകിയിട്ടുണ്ട്. ദിവ്യ ബുദ്ധിയിലൂടെ മാത്രമാണ് ബാബയേയും സ്വയത്തെയും മൂന്ന് കാലങ്ങളേയും സ്പഷ്ടമായി മനസിലാക്കാൻ സാധിക്കുന്നത്. സർവശക്തികളേയും ധാരണ ചെയ്യാൻ സാധിക്കുന്നു. ദിവ്യബുദ്ധികളായ ആത്മാക്കൾ ഏതൊരു സങ്കൽപ്പവും കർമ്മത്തിൽ അല്ലെങ്കിൽ വാക്കിൽ കൊണ്ട് വരുന്നതിന് മുമ്പ് ഓരോ വാക്കിന്റെ അല്ലെങ്കിൽ കർമ്മത്തിന്റെ മൂന്ന് കാലങ്ങളും മനസിലാക്കി പ്രാവർത്തികമാക്കുന്നു. അവർക്ക് മുന്നിൽ ഏത് പോലെ വർത്തമാന കാലം സ്പഷ്ടമാണോ അത് പോലെ ഭൂതകാലവും ഭാവിയും സ്പഷ്ടമായിരിക്കും. ഇങ്ങനെയുള്ള ദിവ്യബുദ്ധികൾ ത്രികാലദർശികളായത് കാരണം സദാ സഫലതാ സമ്പന്നരായിരിക്കും.

## സ്ലോഗൻ - സമ്പൂർണ്ണ പവിത്രത ധാരണ ചെയ്യുന്നവർ തന്നേയാണ് പരമാനന്ദത്തിന്റെ അനുഭവം ചെയ്യുന്നത്.